സഭയെ തെറ്റിദ്ധരിപ്പിക്കുന്നതായിട്ടുള്ള മുഖ്യമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയും സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. എം. എം. ഹസ്സൻ : സർ, അങ്ങയുടെ റൂളിംഗിനെ പരിപൂർണ്ണമായി ബഹുമാനിച്ചുകൊണ്ട് പറയുകയാണ്. റൂൾ 62 (പ്രൊവിസോ-2 അനുസരിച്ച് കാളിംഗ് അറന്റൻഷൻ സമയത്ത് ഡിബേറ്റ് പാടില്ലെന്ന് പറയുന്നുണ്ട്. കീഴ്വഴക്കങ്ങളും നിയമങ്ങളുടേതുപോലെതന്നെ നമ്മൾ ഇവിടെ പിൻതുടരണമെന്ന് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതുപോലെ കാളിംഗ് അറന്റൻഷൻ സമയത്ത് വാക്കൗട്ട് നടത്തുന്നത് നിയമവിരുദ്ധമാണ്. അതല്ല, ഏതു സമയത്തും വാക്കൗട്ട് നടത്താമെന്നുള്ള അങ്ങയുടെ റൂളിംഗിനെ ബഹുമാനിച്ചുകൊണ്ടുതന്നെ ഞാൻ പറയുന്നു. കാളിംഗ് അറന്റൻഷൻ സമയത്ത് വാക്കൗട്ടു നടത്തുന്നത് ചട്ടങ്ങൾക്കു വിരുദ്ധമാണ്.

മി. സ്പീക്കർ : മി. ഹസ്സൻ, പാർലമെന്ററി സിസ്റ്റത്തിൽ ഡീസെന്റ് അതിന്റെ ഒരു പാർട്ടാണ്. ആ ഡിസെന്റ് ഏതുസമയത്തും രേഖപ്പെടുത്താവുന്നതാണ്. അത് ഡിബേറ്റല്ല. ആ ഡിബേറ്റിന്റെ ഭാഗമായി അങ്ങ് പറഞ്ഞതുപോലെതന്നെ വാക്കൗട്ട് നടത്തുന്ന സമയത്താണ് എല്ലാ നേതാക്കൻമാരും സ്റ്റേറ്റുമെന്റ് നടത്താറുള്ളത് it is also a convantion, അപ്പോൾ പ്രസക്തമായ കാര്യം നോക്കുക എന്നല്ലാതെ അപ്രസക്തമായ രീതിയിൽ പോകേണ്ട കാര്യമില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, വാക്കൗട്ടു നടത്തുന്നത് നിയമവിരുദ്ധമാണെന്ന് ഞാൻ പറഞ്ഞതായി ശ്രീ. ഹസ്സൻ ഇവിടെ പറഞ്ഞു. മി. ഹസ്സൻ നിയമവിരുദ്ധമാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇതിനുമുൻപ് നടന്നിട്ടില്ലെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ.

(2) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ വ്യവസായ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. ബെന്നിബഹനാൻ : സർ, സംസ്ഥാനത്ത് തകർന്നുകൊണ്ടിരിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേക്ക് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയാണ്.

ഇന്ന് നമ്മുടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ഇവിടെയിപ്പോൾ ഒഴിഞ്ഞുകിടക്കുന്ന പ്രതിപക്ഷ ബഞ്ചുകളും പോലെയാണ്. ഇവിടെ ഇത് രണ്ടാമത്തെ പ്രാവശ്യമാണ് ഇക്കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ വ്യവസായികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേക്ക് ഞാൻ കഴിഞ്ഞപ്രാവശ്യം ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിച്ചപ്പോൾ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഇക്കാര്യങ്ങൾ പുനഃപരിശോധിക്കാമെന്നും ഏതെല്ലാം രീതിയിൽ അവരെ സഹായിക്കാമെന്ന കാര്യങ്ങളെക്കുറിച്ച് ഒരു കമ്മറ്റിയെവച്ച് അന്വേഷണം നടത്താമെന്നും ഈ സഭയിൽ ഉറപ്പ് നൽകിയിരുന്നതാണ്. ഇന്ന് വരെ ആ കമ്മിറ്റിയുടെ പ്രവർത്തനം ഏതുവരെയായി എന്നു അറിയാൻ കഴിഞ്ഞിട്ടില്ല. വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് നമ്മുടെ സംസ്ഥാനത്ത് വ്യാവസായികമായ ഒരു മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു പഞ്ചായത്തിൽ 10 വ്യാവസായ സംരംഭങ്ങൾ എന്ന മുദ്രാവാക്യവുമായി ഏകദേശം പത്തുവർഷക്കാലം മുൻപ് ഈ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്ന പരിപാടിക്ക് നമ്മുടെ സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയത്. കൊട്ടും കുരവയുമായി അതിന്റെ ഉദ്ഘാടന കർമ്മങ്ങളും എല്ലാം നടന്നുകഴിഞ്ഞതാണ്. പതിനായിരം വ്യവസായ സംരംഭങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കാമെന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി ഈ പദ്ധതിക്ക് രൂപം കൊടുത്തുവെങ്കിലും ഇന്ന് എല്ലാ പഞ്ചായത്തിലും 10 വ്യവസായ സംരംഭങ്ങളെങ്കിലും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ചെറുകിട വ്യവസായങ്ങളെ കൂടുതൽ ആകർഷകമാക്കാനും നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ആളുകളെ ഈ ചെറുകിട വ്യവസായ രംഗത്തേക്ക് കൊണ്ടുവരാനുമുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതിക്ക് രൂപം കൊടുത്തത്. ഇന്ന് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒട്ടേറെ ബുദ്ധിമുട്ടുകൾ നമ്മുടെ രാജ്യത്തെ സാധാരണക്കാരായ ജനങ്ങളുടെ ഇടയിലുണ്ട്. വ്യവസായവകുപ്പിന്റെ അതുപോലുള്ള മറ്റ് എജൻസികളുടെയും ഒട്ടേറെ നൂലാമാലകൾ തരണംചെയ്തുകൊണ്ട് ഈ ചെറുകിട വ്യവസായികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് ആകർഷകമായ ഒട്ടേറെ ആനുകൂല്യങ്ങൾ പ്രദാനം ചെയ്തുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് 10 വർഷത്തിനു മുൻപ് ഇത്തരത്തിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്ക് രൂപം കൊടുത്തത്. ഇന്ന് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഒട്ടേറെ കടമ്പകൾ കടക്കണം. പഞ്ചാഗ്നി മദ്ധ്യത്തിലെ തപസ്സ് എന്ന് പണ്ട് പറഞ്ഞതുപോലെ ഇന്ന് ഒരു ചെറുകിട വ്യവസായം . ആരംഭിക്കണമെങ്കിൽ എത്രയെണ്ണം അഞ്ചിൽ കൂടുതൽ അഗ്നിപരീക്ഷണങ്ങൾ കടന്നുപോയാൽ മാത്രമേ സാധിക്കുകയുള്ളൂ. പഞ്ചായത്ത് സർട്ടിഫിക്കറുകൾ മുതൽ പരിസ്ഥിതി ക്കാരുടെ എൻ.ഒ.സി. വരെ കിട്ടിയാൽ മാത്രമേ ഇന്ന് വ്യവസായങ്ങളാരംഭിക്കുവാൻ സാധിക്കുന്നുള്ളൂ എന്നുള്ള സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്തുള്ളത്, അത് തെറ്റാണെന്ന അഭിപ്രായമെനിക്കില്ല. ഈ സർട്ടിഫിക്കറുകൾ കരസ്ഥമാക്കുന്നതിനുള്ള സമയദൈർഘ്യം പലപ്പോഴും ഈ രംഗത്തേക്കു കടന്നു വരുന്ന സാധാരണക്കാരായ വ്യക്തികൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നവയാണ്. ഇവർ ചെറുകിട വ്യവസായികളാണെന്നാണ് അറിയപ്പെടുന്നതെങ്കിലും അവരൊന്നും അത്ര വലിയ വ്യവസായികളൊന്നുമല്ല. കെട്ടുതാലി പോലും പണയപ്പെടുത്തിക്കൊണ്ട് വ്യവസായരംഗത്തേക്ക് കടന്നുവന്ന ഒട്ടേറെ ആളുകളെ നമുക്ക് ഈ രംഗത്ത് കാണാൻ കഴിയും. പതിനായിരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പത്തുവർഷക്കാലം മുൻപ് നടപടി സ്വീകരിച്ചപ്പോൾ അന്ന് പറഞ്ഞിരുന്നത സിഡ്കോമെഷിനറി കൊടുക്കും നാഷണലൈസ്ഡ് ബാങ്ക് വർക്കിംഗ് ക്യാപ്പിറൽ കൊടുക്കും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവില്ല. ഇതെല്ലാം എഴുതിക്കാമെന്നാണ്. ഇതെല്ലാംകേട്ട് ആകൃഷ്ടരായി ഒട്ടേറെ ആളുകൾ ഈ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി കടന്നുവന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ? സിഡ്കോയ്ക്ക് പലപ്പോഴും മെഷിനറി വേണ്ട സമയത്ത് എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. കൊടുത്ത മെഷിനറികൾ പലതും നല്ല കണ്ടീഷനിലുള്ളവയല്ല. അതുപോലെതന്നെ വർക്കിംഗ് ക്യാപ്പിറൽ കൊടുക്കാമെന്ന് ബാങ്കുകൾ പറഞ്ഞുവെങ്കിലും പലസ്ഥലത്തും വേണ്ട വർക്കിംഗ് ക്യാപ്പിറൽ കൊടുക്കാൻ ബാങ്കുകൾ പരാജയപ്പെടുകയും ചെയ്തു. ഇലക്ട്രിസിറ്റി കൊടുക്കാമെന്ന് പറഞ്ഞുവെങ്കിലും പലസ്ഥലത്തും ഇലക്ട്രിസിറ്റി എത്തിച്ചു കൊടുക്കാൻ സാധിച്ചിട്ടില്ല. ഏതുകേസും 10 വർഷത്തിനു മുൻപ് ഈ രംഗത്തു കടന്നുവന്ന വ്യവസായികൾ സിഡ്കോയിൽ നിന്നും മെഷിനറി ലഭിക്കാത്തതുകൊണ്ടും വർക്കിംഗ് ക്യാപ്പിറൽ ബാങ്കുകൾ കൊടുക്കാത്തതിമൂലവും ഇലക്ട്രിസിറ്റി കിട്ടാത്തതുകൊണ്ടും വളരെയേറെ പ്രാരാബ്ധങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുകയാണ്. ഇപ്പോൾ സിഡ്കോ ജപ്തിനടപടികൾ സ്വീകരിച്ചിരിക്കുന്നു, ബാങ്കുകൾ ജപ്തിനടപടി സ്വീകരിച്ചിരിക്കുന്നു. മിനിമം ഗ്യാരൻറി വച്ചതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഇലക്ട്രിസിറ്റി ബോർഡും ജപ്തി നടപടികളും സ്വീകരിച്ചിരിക്കുകയാണ്. അങ്ങനെ രണ്ടുമൂന്നു ജപ്തി നടപടികളുടെ ഇടയിൽ നെടുവീർപ്പിട്ട് നട്ടം തിരിയുകയാണ് ഈ സംസ്ഥാനത്തെ ചെറുകിട വ്യവസായികളും. ചെറുകിട വ്യവസായികളെ സഹായിക്കുന്നതിനും അവർക്ക് ബുദ്ധിമുട്ടുകളും വരുമ്പോൾ അവർക്ക് സഹായമെത്തിക്കുന്നതിനും വേണ്ടിയുള്ള നടപടിയെടുക്കണം. സിഡ്കോയുടെ പ്രവർത്തനങ്ങളിലേക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. സിഡ്കോ സിമൻറ് കച്ചവടം നടത്തുകയല്ലാതെ ഇത്തരം കാര്യങ്ങളിലൊക്കെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്നുള്ള കാര്യം എനിക്ക് സംശയമാണ്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ആനുകൂല്യങ്ങളും നടപ്പിലാക്കാൻ കാലതാമസം ഉണ്ടാകരുതെന്നാണ്. നമുക്കറിയാം, ഈ വ്യവസായ രംഗത്തേക്ക് കടന്നുവന്നവരെല്ലാം നമ്മുടെ രാജ്യത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാണ് ഏറ്റവും വലിയ മാർഗ്ഗമായിട്ടാണ് ഈ പദ്ധതിയെ കണ്ടത്. നമ്മുടെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരൊക്കെ സ്ഥലങ്ങളും കെട്ടുതാലിയും വരെ പണയപ്പെടുത്തിയുമാണ് ഈ രംഗത്തേക്ക് കടന്നുവന്നിട്ടുള്ളത്. വളരെയേറെ പ്രതീക്ഷയോടുകൂടി വ്യാവസായികരംഗത്തേക്ക് കടന്നുവന്നയാളുകളും ഇന്ന് തകർന്നിരിക്കുന്നു. വെറും ശവപ്പറമ്പുകളായി ഇന്ന് മിനി വ്യവസായ എസ്റ്റേറ്റുകളും മാറിയിരിക്കുന്നു. അതുകൊണ്ട് ഇവയെ ഉദ്ധരിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണം, ഇത് ഒരു സിക്ക് യൂണിറ്റായി പ്രഖ്യാപിച്ചുകൊണ്ട് സിക്ക് യൂണിറ്റുകളെ റിവൈവ് ചെയ്യുന്നതിനുവേണ്ടി എന്തെങ്കിലും സാമ്പത്തികമായ സഹായം ചെയ്തുകൊണ്ട് തകർച്ചയിൽ കിടക്കുന്ന വളരെയധികം ബുദ്ധിമുട്ടുന്ന ഇവിടത്തെ വ്യവസായസംരംഭങ്ങളേയും ഇവിടത്തെ ചെറുകിട വ്യവസായികളേയും രക്ഷിക്കണം. നമ്മൾ പത്രങ്ങളിൽ വായിച്ചതാണ്, ചെറുകിട വ്യവസായരംഗത്തേക്ക് കടന്നുവന്നയാളുകൾ ആത്മഹത്യപോലും ചെയ്തിട്ടുണ്ട്. ഇന്ന് പലരും ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണ്. ജപ്തിനടപടികളിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി പലപ്പോഴും ആത്മഹത്യക്കുപോലും മുതിരുന്ന നമ്മുടെ രാജ്യത്തെ ചെറുകിട വ്യവസായികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും അതിലുള്ള വ്യാവസായിക യൂണിറ്റുകളും വളരെ വളരെ വർഷങ്ങൾക്കു മുൻപ് ഇവിടെ ആരംഭിച്ചതാണ് എന്ന കാര്യം ബഹുമാനപ്പെട്ട മെംബർക്കും ഈ സഭയിലുള്ളവർക്കും അറിയാവുന്നതാണ്. ഈ വ്യവസായ എസ്റ്റേറ്റുകൾ തന്നെ രണ്ടു സീരീസായിട്ടാണുള്ളത്. ഒന്ന് ജില്ലകൾ തോറുമുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ—സഹകരണസംഘങ്ങളുടെ കീഴിലുള്ളവ. മറ്റൊന്നു സിഡ്കോയുടെ കീഴിലുള്ളവ ഇതിൽ സിഡ്കോയുടെ കൈവശമേല്പിച്ച 36 എസ്റ്റേറ്റുകളും അതുപോലെതന്നെ മിനി ഇൻഡസ്ട്രിയൽ സൊസൈറ്റികളെ ഏല്പിച്ച 74 എസ്റ്റേറ്റുകളും കൂടി സംസ്ഥാനത്ത് 110 എസ്റ്റേറ്റുകളുണ്ട്. ഈ 110 എസ്റ്റേറ്റുകളിൽ സഹകരണ സംഘങ്ങളുടെ ഉത്തരവാദിത്തത്തിലുള്ള 74 എസ്റ്റേറ്റുകളിൽ ആകെയുള്ള യൂണിറ്റുകൾ—744 ഷെഡ്ഡുകൾ ആണ്. സിഡ്കോയുടെ കീഴിലുള്ള 36 എസ്റ്റേറ്റുകളിലുള്ള ഷെഡ്ഡുകൾ—360. അങ്ങനെ 1104 ഷെഡ്ഡുകളാണ് ഈ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എന്നുപറയുന്ന ഈ ചെറുകിട വ്യവസായ സ്ഥാപനങ്ങളായിട്ടുള്ളത്. അതിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സഹകരണ സംഘങ്ങളുടെ കീഴിലുള്ള 744-ൽ പ്രവർത്തിക്കുന്നവ 332 ഉം സിഡ്കോയുടെ കീഴിൽ 360 ഷെഡ്ഡു

LIBRARY ARCHIVES Kerala Legislative Assembly

കളിൽ പ്രവർത്തിക്കുന്നവ 148 ഉം അങ്ങനെ 480 ഷെഡ്ഡുകളിലാണ് മിനി വ്യവസായങ്ങൾ എന്നറിയപ്പെടുന്ന ഈ ചെറുകിട വ്യവസായങ്ങൾ പ്രവർത്തിക്കുന്നത്. ഈ 480-ൽ തന്നെ ചിലതിന് ചില പ്രയാസങ്ങളുണ്ട്. പ്രവർത്തിക്കാത്തവ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലുള്ള 744-ൽ 344 എണ്ണവും, സിഡ്കോയുടെ കീഴിലുള്ള 360-ൽ 191 എണ്ണവുമാണ്. അങ്ങനെ 542 യൂണിറ്റുകൾ പ്രവർത്തിക്കാത്തവയാണ്. 82 ഷെഡ്ഡുകൾ ഒഴിഞ്ഞുകിടക്കുകയാണ്.

സർ, ഇതിനെ സംബന്ധിച്ചു ഈ സഭയിൽതന്നെ പല ബഹുമാനപ്പെട്ട മെമ്പർമാരും പറഞ്ഞപ്പോൾ ഞാൻ ഒരു കാര്യം വ്യക്തമാക്കുകയുണ്ടായി. 1982-ൽ വ്യവസായിക വികസന കമ്മീണർ ചെയർമാനാക്കികൊണ്ട് ഒരു കമ്മിറ്റി രൂപവൽക്കരിച്ചു. ആ കമ്മിറ്റി ഈ എസ്റ്റേറ്റുകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി. 19-12-1985-ൽ ഗവൺമെൻറിന് ഒരു റിപ്പോർട്ട് നൽകി. ആ റിപ്പോർട്ടിൽ പറയുന്ന പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഞാൻ പറയാം. ധനസഹായം നല്കിയിട്ടുള്ള ബാങ്കിൻെറ മാനേജർമാരുടെ മീറ്റിംഗുകൾ വിളിച്ച് പുനരുദ്ധരിക്കാവുന്നതിനെ സംബന്ധിച്ച് പ്രത്യേകമായി പഠിക്കുക അല്ലാത്തവയെ നീക്കി മറ്റുള്ളവർക്ക് കൊടുക്കുക, റിവൈവ് ചെയ്യാൻ പറ്റാത്ത യൂണിറ്റുകളെ ബാങ്കിൻെറ സഹായത്തോടെ ഒഴിവാക്കി ഷെഡ്ഡുകൾ റീ അലോട്ടുചെയ്യുക, ഒന്നോരണ്ടോ ഷെഡ്ഡുകൾ എവിക്ട് ചെയ്യുന്ന യൂണിറ്റുകളുടെ യന്ത്രസാമഗ്രികൾ സൂക്ഷിക്കാൻ വേണ്ടി പ്രത്യേകമായി ഒഴിച്ചിടുക, ജില്ലാ മിനി എസ്റ്റേറ്റ് സൊസൈറ്റികളുടെ ആസ്തിബാദ്ധ്യതകൾ സർക്കാർ ഏറ്റെടുക്കുക, സൊസൈറ്റികളിൽ പുതിയതായി നിയമനം നടത്തുന്നത് തടയുക, സൊസൈറ്റികളുടെ മിനിമം ഗ്യാരൻറി കണ്ടിഷൻസ് ഒഴിവാക്കുക, കെ. എസ്. ഇ. ബി യുമായി അതിനെ ബന്ധപ്പെടുത്തുക, ഇങ്ങനെയുള്ള റെക്കമെൻേറഷൻസാണ്. ഈ റെക്കമെൻേറഷനെ സംബന്ധിച്ച് 20-2-1986-ൽ ഞാൻ ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം വിളിച്ചുകൂടി. അതനുസരിച്ച് തീരുമാനിച്ചത്, ഓരോ ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് കേന്ദ്രത്തിലും ഉള്ള ഒരു മാനേജരും ഒരു ഉദ്യോഗസ്ഥനും അവരവരുടെ ജില്ലകളിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ ഓരോ ഷെഡ്ഡിനെ സംബന്ധിച്ചും ഓരോ യൂണിറ്റിനെ സംബന്ധിച്ചും പ്രത്യേകമായി പഠിക്കുക എന്നതാണ്. കാരണം, ഇതിൽ പല പ്രയാസങ്ങളുമുണ്ട്. ഇത് ഗവൺമെൻറിൻെറ മാത്രം ബാദ്ധ്യതയല്ല. ഓരോ വ്യവസായിയും ബാങ്കുകളുമായി ബന്ധപ്പെട്ടതും ബാങ്കുകൾക്ക് ആസ്തി-ബാദ്ധ്യതകൾ പണയപ്പെടുത്തപ്പെട്ടതുമാണ്. ബാങ്കുകളുമായുള്ള ഇടപാട് തീരുമാനിക്കാതെ അവിടെയുള്ള മെഷിനറിയോ മറ്റോ നീക്കം ചെയ്യാൻ പ്രയാസമാണ്. അതുകൊണ്ട് ഈ ആസ്തി-ബാദ്ധ്യതകളെ സംബന്ധിച്ചും ഓരോ യൂണിറ്റുകളെ സംബന്ധിച്ചും വളരെ വിശദമായി പഠിക്കണം. അങ്ങനെ വിശദമായി പഠിച്ചു എത്രയെണ്ണം നമുക്ക് പുനരുദ്ധരിക്കുവാൻ സാധിക്കുമെന്ന് നോക്കണം. അങ്ങനെ പുനരുദ്ധരിക്കുന്നതിന് ബാങ്കുകൾ എന്തുചെയ്യണം, ഗവൺമെൻറ് എന്തുചെയ്യണം, ഇലക്ട്രിസിറ്റി ബോർഡ് എന്തുചെയ്യണം എന്നുള്ളതിനെ സംബന്ധിച്ച് പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ വേണം. അതോടൊപ്പം തന്നെ ഒരിക്കലും പുനരുദ്ധരിക്കാൻ സാധിക്കാത്തതിൻെറ കാര്യത്തിൽ ബന്ധപ്പെട്ട വ്യവസായിയെ ആ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കാൻ ബാങ്ക് എന്തു വേണം ഗവൺമെൻറ് എന്തു വേണം എന്നു തീരുമാനിക്കണം. അവിടത്തെ മെഷിനറി പലതും ഹയർ പർച്ചേസ് വ്യവസ്ഥയിലും മറ്റും സിഡ്കോയിൽനിന്നും മറ്റു പല സ്ഥാപനങ്ങളിൽനിന്നും വാങ്ങിയതാണ്. ആ സ്ഥാപനത്തിലെല്ലാമുള്ള ലയബിലിറ്റി ഒഴിവാക്കണം. ഇതിന് എന്തു നടപടി എടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പ്രത്യേകം പ്രത്യേകമായി പഠിച്ചാൽ മാത്രമേ സാദ്ധ്യമാകുകയുള്ളൂ. അതുകൊണ്ട് ജില്ലകളിലുള്ള ഇൻഡസ്ട്രിയൽ കേന്ദ്രത്തിലുള്ള ഒരു മാനേജരും ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനും ബാങ്കുകളുമായും സംരംഭകരുമായും ഇടപെട്ട് നിശ്ചയിക്കുകയാണ്. അങ്ങനെ 110 എസ്റ്റേറ്റുകളുടെ പഠനം നടത്തിയതിൽ 87 എസ്റ്റേറ്റുകളെക്കുറിച്ചുള്ള റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞു. ഇനി കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ നിന്നുള്ള റിപ്പോർട്ടുകൾ മാത്രമാണ് ലഭിക്കേണ്ടതേ. അത് ലഭിച്ചുകഴിഞ്ഞതിനുശേഷം ഇതിനു ബൃഹത്തായ ഒരു പദ്ധതി ഗവൺമെൻറ് തയ്യാറാക്കുന്നതാണ്. ഇതുവരെയുള്ള ഭാവനാപരമായി ഒരു കാഴ്ചപ്പാടോടു കൂടി പോയെങ്കിൽ മാത്രമേ ഇത് പരിഹരിക്കുകയുള്ളൂ. ഏതെങ്കിലും ഒരു എസ്റ്റേറ്റിലുള്ള ഏതെങ്കിലും ഒരു യൂണിറ്റിലുള്ള ഷെഡ്ഡിലെ പ്രശ്നം പരിഹരിച്ചുകൊണ്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രശ്നം മുഴുവൻ പരിഹരിക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കാനുള്ള നടപടിയാണ് ഈ ഗവൺമെൻറ് ചെയ്യുന്നത്. ഇപ്പോൾ എ. ഡി. ബി. ഐ. ചെറുകിട വ്യവസായികളുടെ വ്യവസായത്തിൻറെ പുനരുദ്ധാരണത്തിനുവേണ്ടി 2500 കോടി രൂപയുടെ സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ ഡവലപ്പുമെൻറ് ഫണ്ട് രൂപവൽക്കരിച്ചിട്ടുണ്ട്. ഈ ഫണ്ടിൽനിന്ന് ഇത് പുനരുദ്ധരിക്കുന്നതിന് ആവശ്യമായ തുകകൂടി കിട്ടാനും ഗവൺമെൻറിൻറെ സാമ്പത്തികമായ പരിമിതികൊണ്ട് വച്ച് പരമാവധി ഇതിനെ സഹായിക്കാനുമാണ് ഗവൺമെൻറ് ഇപ്പോൾ പദ്ധതികൊണ്ട് എടുത്തിരിക്കുന്നത്. അതുകൊണ്ട് ഇത് പടിപടിയായി മുന്നോട്ടു പോവുകയാണ്. ഈ കഴിഞ്ഞ നാലു കൊല്ലത്തിനുശേഷം ഈ പ്രശ്നം പരിഹരിക്കുന്നതിന് ഏറ്റവും ശക്തവും ഫലപ്രദവുമായ നടപടി ഈ ഗവൺമെൻറ് എടുത്തിട്ടുണ്ട്. ഏതെങ്കിലും ഒരു കാലത്ത് ഏതെങ്കിലും ഒരു വ്യവസായി തുങ്ങിമരിക്കുന്ന നിലപാട് ഉണ്ടായിട്ടുണ്ടെങ്കിൽ അത് സങ്കടമാണ്. ഭാവിയിലെങ്കിലും അത് ഇല്ലാതിരിക്കണമെന്ന് ഈ ഗവൺമെൻറിന് ആഗ്രഹമുണ്ട്. ബഹുമാനപ്പെട്ട മെമ്പറും ഈ സഭയും അത് മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ : ഈ കമ്മിറ്റി റിപ്പോർട്ട് പൂർത്തീകരിക്കുന്നതുവരെ ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജപ്തി നടപടികൾ നിറുത്തിവയ്ക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം ഗവൺമെൻറ് നൽകുമോ ?

ശ്രീ. ഇ. അഹമ്മദ് : ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിന് നിയന്ത്രണമില്ല. അത് ആർ. ബി. ഐ. യുടെ കീഴിലുള്ളതാണ്. സംസ്ഥാന ഗവൺമെൻറിൻറെ ഭാഗത്തുനിന്നുള്ളത് കഴിയുന്ന്ത്ര ചെയ്യുന്നുണ്ട്. അതേസമയത്ത് കഴിവുള്ള പലരുംതന്നെ മറ്റു പല കാരണങ്ങൾകൊണ്ട് ഒഴിഞ്ഞു മാറുന്നത് ഇല്ലാതാക്കാൻ ഓരോ യൂണിറ്റിൻറെയും മെറിറ്റനുസരിച്ച് ഗവൺമെൻറ് ആവുന്ന സഹായം ചെയ്യും. ഇലക്ട്രിസിറ്റിയെ സംബന്ധിച്ച് അപ്പപ്പോൾ കെ. എസ്. ഇ. ബി. യുമായി ബന്ധപ്പെടാറുണ്ട്.

III. സബ്മിഷൻ

(1) തട്ടേക്കാട് കടവിൽ പുതിയ ചങ്ങാടം അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ജി. വരദൻ : சர், தேவிகுளம் தாலுகாவில் இடுக்கியில் குட்டம்புழை

LIBRARY ARCHIVES Kerala Legislative Assembly